കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പോർക്കുളം ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി6)1406/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
Ph.No.0487 2331249
e-mail: dotsr.ksad@kerala.gov.in

തിയതി:14.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പോർക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോർക്കുളം ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ (പി6)1406/2017 തിയതി: 14.09.2017

തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 18.08.2017 വരെയുള്ള പണം വരവ്, അടവ് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 2016-17 വർഷത്തെ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.08.17 മുതൽ 25.08.17വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.എൻ. സതീശൻ | ഓഡിറ്റ് ഓഫീസർ (H.G.) |
| 2 | വിജയശ്രീ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| 3 | ലിഷ കെ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | രേഖ സി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| ശ്രീമതി. ഓമന ബാബു | 01-04-2016 മുതൽ 31-3-2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. അശോക് കുമാർ | 01-04-2016 മുതൽ 31-3-2017 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ജ്യോതിരാജ്.പി.എസ്. | 1-4-2016 മുതൽ 31-3-2017 വരെ |
| വി. ഇ.ഒ. | ബൈജു വിൻസെന്റ് | 1-4-2016 മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ. ഇഷാ ബ്രൂസ് | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. കവിത | 1-4-2016 മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലളിത. വി. പി | 01-04-2016 മുതൽ 31-3-2017 വരെ |
| കൃഷി ഓഫീസർ | ജയശ്രീ.ഇ. | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രിയ. പി. | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | പി.എസ്.ശശിധരൻ | 1-4-2016 മുതൽ 31-03-2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |
| 12 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2-1 |
| 13 | ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ | 2-2 |
| 14 | ലേലം-എഫ് ഡി ടി ഈടാക്കിയതിൽ കുറവ് | 2-3 |

| | | |
|---|---|---|
| 15 | ഇ-ടെണ്ടർ - ടെണ്ടർ ഫോംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ് | 2-4 |
| 16 | നമ്പറിങ്ങ് ഫയൽ-ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് | 2-5 |
| 17 | വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 2-6 |
| 18 | വസ്തുനികുതി കണക്കാക്കിയതിൽ കുറവ് | 2-7 |
| 19 | പെർമിറ്റ് അനുവദിയ്ക്കൽ-കെ പി ബി ആർ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. | 2-8 |
| | ഭാഗം-3 | |
| 20 | പച്ചക്കറിവികസനപദ്ധതി-അപാകതകൾ | 3-1 |
| 21 | സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രൊജക്ടുകളിലെ അപാകതകൾ | 3-2 |
| 22 | എസ്.എസ്.എ വിഹിതം-അധികം അനുവദിക്കപ്പെട്ട തുകക്രമീകരിക്കേണ്ടതാണ് | 3-3 |
| 23 | അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ. | 3-4 |
| 24 | ഐ.എ.വൈ. ഭവന നിർമ്മാണം - ഗ്രാമ പഞ്ചായത്ത് വിഹിതം അടവാക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-5 |
| 25 | പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം | 3-6 |
| 26 | ടെണ്ടർ, ഇ-ടെണ്ടറുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതം | 3-7 |
| 27 | റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി അവസാനിപ്പിക്കുന്നു. | 3-8 |
| 28 | കിണർ പുനരുദ്ധാരണം - ഗ്രാമ പഞ്ചായത്തിന്റെ മികച്ച നിർമ്മാണ പ്രവൃത്തി-കോളനി നിവാസികൾക്ക് തികച്ചും പ്രയോജനപ്രദം | 3-9 |
| 29 | പെയിൻ & പാലിയേറ്റീവ് കെയർ -മരുന്ന് ലഭ്യമായിട്ടില്ല. | 3-10 |
| 30 | ഔഷധിയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല. | 3-11 |
| 31 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-12 |
| | ഭാഗം-4 | |
| 32 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് സംബന്ധിച്ച് | 4-3 |
| 35 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 39 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |
| 40 | അനുബന്ധം-1, ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4-3-2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 15-7-17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

2016-17 സാമ്പത്തികവർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ച്, അപാകതകൾ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു

i)VPFA-III-6 പാസ്സ് ബുക്ക് പരിശോധനക്ക് ലഭിച്ചിട്ടില്ല

ii)തൊഴിലുറപ്പ് പദ്ധതിക്ക് EFMS ആയി ലഭിച്ച മുഴുവൻ തുകയും ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

iii)വസ്തുനികുതി, ജീവനക്കാരുടെ തൊഴിൽ നികുതി, D&O ലൈസൻസ്,ലേലം ഇനത്തിൽ ഉൾപ്പെടുന്ന sale of timber,sale of usufructs of trees – എന്നീ വരവിനങ്ങളുടെ രജിസ്റ്ററുകൾ പ്രകാരമുള്ള തുകകളും വാർഷികകണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

iv)ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ പ്രകാരം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് നം.378097/15.11.16 പ്രകാരം പഞ്ചായത്തിന് കൈമാറിയ ഇ-ടെന്റർ പ്രവൃത്തികളുടെ ടെണ്ടർ ഫോം വിലയായ 26700/- രൂപ ഏത് അക്കൗണ്ട് ഹെഡ്ഡിൽ വരവുവച്ചുവെന്ന് വ്യക്തമല്ല. ഈ തുക വാർഷിക കണക്കുകളിൽ (Shedule RP5) ഉൾപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമല്ല.

v)വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം 3992/-രൂപയുടെ സ്റ്റോക്ക് 31.3.2017ന് പഞ്ചായത്തിൽ നീക്കിയിരിപ്പുണ്ട്.ആയത് സംബന്ധിച്ച കണക്ക് സ്റ്റോക്ക് രജിസ്റ്ററിൽ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

റിമാർക്സ്- 31.3.2016 ലെ ബാലൻസ് ഷീറ്റ് പ്രകാരം ക്രമപ്പെടുത്താൻ ബാക്കിയുള്ള താഴെ പറയുന്ന ഡെപ്പോസിറ്റ് തുകകൾ ഇപ്പോഴും തുടരുന്നു

KWA=38,63,430/-

KSEB=3,22,486/-

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം മേൽപറഞ്ഞ തുകകൾ 2011 ന മുമ്പും തുടർന്നും പഞ്ചായത്ത് വിവിധ

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ഈ സ്ഥാപനങ്ങൾക്ക് കൈമാറിയതാണ്. തുകകളുടെ വർഷം തിരിച്ചുള്ള വിവരം ലഭ്യമായിട്ടില്ല. നാളിതുവരെ ടി സ്ഥാപനങ്ങൾ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല.

2016-17 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷിക കണക്കുകളിലെ ഇൻകം&എക്സ്പെന്റീച്ചർ പത്രിക, രസീറ്റ് & പേയ്മെന്റ് പത്രിക , ബാലൻസ് ഷീറ്റ് എന്നിവ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4106254 |
| വരവ് | 28118905 |
| ആകെ | 32225159 |
| ചെലവ് | 5045833 |
| നീക്കിയിരിപ്പ് | 27179326 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 6410426 | 4855425 | 75.94 | 1555001 |
| വികസനഫണ്ട് എസ്.സി.പി. | - | 4939233 | 3318437 | 67.18 | 1620796 |
| വികസനഫണ്ട് ടി.എസ്.പി. | - | 5604 | 5604 | 100 | ഇല്ല |
| സംരക്ഷണഗ്രാന്റ് റോഡ് | - | 7881195 | 1062120 | 13.47 | 6819075 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 2554755 | 1784518 | 69.8 | 770237 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 3595243 | 2718033 | 75.6 | 877210 |
| ലോകബാങ്ക് സഹായം. | - | 2150865 | 489599 | 22.7 | 1661266 |
| ലോക ബാങ്ക് സഹായം(സംസ്ഥാന വിഹിതം) | - | 0 | 0 | 0 | 0 |

-

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 155 | 37277111 | 54 | 14448012 | 15 | 86 | 38.75 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2364655 | 3926272 | 1561617 | (+)66 |
| നികുതിയേതര വരവുകൾ | 429903 | 802584 | 372681 | (+)86.7 |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 2794558 | 4728856 | 1934298 | (+)69.21 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49680 | 30 |
| കർഷകതൊഴിലാളി പെൻഷൻ | 1814440 | 209 |
| വിധവാപെൻഷൻ | 9165810 | 801 |
| വാർദ്ധക്യകാലപെൻഷൻ | 11692795 | 954 |
| വികലാംഗപെൻഷൻ | 1323270 | 148 |
| 50വയസ്സിനുമുകളിൽ പ്രായമുള്ള | 1167040 | 117 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | - | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-08-2017 ന് 3 മണിക്ക് സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 4370 രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വസ്തുനികുതി, തൊഴിൽനികുതി, ഡ&ഒ ലൈസൻസ് ഫീസ്, ലേലം എന്നീ വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകളും വാർഷിക ധനകാര്യപത്രികയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആസ്തികൾ സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. എല്ലാ അപേക്ഷകളും , പരാതികളും ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും യഥാസമയം നടപടികളെടുത്തുവരികയും ചെയ്യുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/8/17 | ജൂലൈ 2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.07.2005 to 28.07.2015 | 1997-98 മുതൽ 2004-15 വരെ | 31.08.2005 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

പോർക്കുളം ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളുടെ 2016-2017 വർഷത്തെ തൊഴിൽ നികുതി അടവാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | അടവാക്കേണ്ട നികുതി |
|---|---|---|---|
| 1 | സി.എസ്.ബി പോർക്കുളം | 1&2 | 2500 |
| 2 | ബി.ആർ.ഡികാർ വേൾഡ് | 1 | 1250 |
| 3 | ചോയ്സ് ഓഡിറ്റോറിയം | 1 | 1250 |
| 4 | പോർക്കുളം സർവ്വീസ് സഹകരണ ബാങ്ക് | 1 | 1250 |
| 5 | കേരള കാർ പ്രൈവറ്റ് ലിമിറ്റഡ് | 1&2 | 2500 |
| | ആകെ | | 8750 |

2)കൈരളിഫോർഡ്, താജ്ഏജൻസീസ്, ശ്രുതിഓഡിറ്റോറിയം മുതലായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെതൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിലുള്ള വ്യാപാരികളുടെയും കമ്പനികളുടെയും വിവരങ്ങൾ കാലികമാക്കാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ആയത് കാലികമാക്കി ബാദ്ധ്യസ്ഥരായ വരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3)താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ് മങ്ങാട് | 2 |
| 2 | പോസ്റ്റ്ഓഫീസ് പോർക്കുളം | 2 |
| 3 | യെം.കെ ബിൽഡിംഗ് മെറ്റീരിയൽസ് | 2 |
| 4 | ബെസ്റ്റ് ഫാബ്രിക്കേറ്റേഴ്സ് | 2 |
| 5 | അർച്ചന മോട്ടേഴ്സ് | 2 |
| 6 | എം.സി.പി മോട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 2 |
| 7 | കേരള കാർ പ്രൈവറ്റ് ലിമിറ്റഡ് | 2 |

4).താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെതൊഴിൽ നികുതിഅടവാക്കിയതിൽ കുറവു കാണുന്നു.

പി എസ്എം കോളേജ് ഓഫ് ഡെന്റൽ സയൻസിലെ ഡോ.പല്ലവി.കെ.ദാസ് എന്നവരുടെ 1ാം അർദ്ധവാർഷിക വരുമാനം 60000 രൂപ. തൊഴിൽ നികുതി ഈടാക്കേണ്ടത് -600രൂപ തൊഴിൽ നികുതി ഈടാക്കിയത്-450 കുറവ്-150 രൂപ

ശ്രീ.വിവേകാനന്ദ ടീച്ചർ എജ്യൂക്കേഷൻ സെന്ററിലെ സന്ധ്യ എ.പി ലൈബ്രേറിയൻ 31/05/16നു റിലീവ് ചെയ്തതായി തൊഴിൽ നികുതി സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5)ലൈസൻസ് ഫീ ഡിമാന്റ് റജിസ്റ്റർ പരിശോധിച്ചപ്പോൾ ചില വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്നതായി കാണുന്നു. വിശദമായി താഴെ ചേർക്കുന്നു.

| ക്രമ നം. | വ്യാപാരിയുടെപേര് | പ്രതിദിന വിറ്റുവരവ് | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പി.എൻ ദിവാകരൻ<br>അനല ഫാർമസ്യൂട്ടിക്കൽസ് | 19200 | 2000<br>(1000x2) | 1250 | 750 |
| 2 | പ്രതാപ് കൃഷ്ണൻ, എക്സൽ പോളിമേഴ്സ് | 20000 | 2000<br>(1000x2) | 1250 | 750 |
| 3 | ജോസഫ് , മിൽക്ക ഏജൻസീസ് | 10000 | 900(450x2) | 200 | 700 |
| 4 | ഗോപിനാഥൻ.എൻ.എം, ഗോപിക സർവ്വീസ് സെൻറർ | 1500/2000 | 240<br>(120x2) | 150 | 90 |
| 5 | ജയപ്രകാശ് ഇന്ത്യൻ കോഫീ ഹൗസ് | 40000 | 2500<br>(1250x2) | 360 | 2140 |
| 6 | വേണു.കെ,എം<br>ലക്ഷ്മീസ്റ്റോഴ്സ് | 2500 | 360<br>(180x2) | 240 | 120 |
| 7 | എം.സി.മുഹമ്മദ് കുട്ടി<br>എം.സി.പി മോട്ടേഴ്സ് | 90000 | 2500<br>(1250x2) | 240 | 2260 |
| 8 | ജനാർദ്ധനൻ.വി.വി<br>ജെനിൻ സ്റ്റോഴ്സ് | 2000 | 360<br>(180x2) | 240 | 120 |
| | ആകെ | | | | 6930 |

തൊഴിൽ നികുതി അടവാക്കിയതിൽ കുറവു വന്ന ഉക/കുടിശ്ശിക എത്രയും പെട്ടെന്ന് ബന്ധപ്പെട്ട ജീവനക്കാരിൽ / സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് അപാകതകൾ

പോർക്കുളംഗ്രാമ പഞ്ചായത്തിൽ നിന്നും 2016-17 വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത് പലപ്പോഴും ആവശ്യമായ രേഖകൾ ഇല്ലാതെയാണ്. 5 എച്ച് പിയിൽ കൂടുതൽ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സമർപ്പിട്ടുള്ള അപേക്ഷകളിൽ പലതിനുമൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ല. ലൈസൻസ് ഫീസ് വ്യാപാരികളുടെ തൊഴിൽ നികുതി എന്നിവ നിശ്ചയിക്കുന്നത് അവരുടെ പ്രതിദിന വിറ്റുവരവിനെ അടിസ്ഥാനമാക്കിയാണ് എന്നിരിക്കെ പല അപേക്ഷകളിലും ആയത് രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ ലൈസൻസ് ഫീ യുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല.

റോയൽ വുഡ് വർക്സ് എന്ന സ്ഥാപനത്തിന് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും ലഭിച്ച ലൈസൻസിനു10/07/16വരെ മാത്രമേ കാലാവധിയുള്ളൂ.

ആർ.കൃഷ്ണകുമാർ കേരള കാർ പ്രൈവറ്റ് ലിമിറ്റഡ് 2500 രൂപ ലൈസൻസ് ഫീ ഇനത്തിൽ അടവാക്കിയതായി ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ അപേക്ഷ മറ്റ്അപേക്ഷകൾക്കൊപ്പമില്ല. ആയത് പരിശോധനക്ക് നൽകേണ്ടതാണ്.

കൈരളി ഫോർഡ്, ടൈൽ ഹൗസ് എന്നീ സ്ഥാപനത്തിനങ്ങൾക്ക് 2016-17 വർഷത്തേക്ക് ലൈസൻസ്

അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്കു നൽകേണ്ടതാണ്.

താഴെ പറയുന്ന സ്ഥാപനഉടമകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവു കാണുന്നു.

| ക്രമ നം. | വ്യാപാരിയുടെപേര് | പ്രതിദിന വിറ്റുവരവ്/ യന്ത്രസാമഗ്രികളുടെ പവർ(എച്ച് പി) | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കിയ ലൈസൻസ് ഫീ | കുറവ് |
|---|---|---|---|---|---|
| 1 | പ്രതാപ് കൃഷ്ണൻ, എക്സൽ പോളിമേഴ്സ് | 60എച്ച് പി | 1000 | 600 | 400 |
| 2 | രാജേഷ്, രാജേഷ് പ്ലാസ്റ്റിക്സ് | 14 എച്ച് പി | 200 | 150 | 50 |
| 3 | രമാ രഘുനന്ദൻ അക്ഷയ് പെട്രോളിയം | 100000രൂപ | 2000 | 500 | 1500 |
| ആകെ | | | | | 1950 |

കുറവു വന്ന തുക എത്രയും പെട്ടെന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 ലേലം-എഫ് ഡി ടി ഈടാക്കിയതിൽ കുറവ്

പോർക്കുളംഗ്രാമപഞ്ചായത്തിലെ അപകടകരങ്ങളായ മരങ്ങൾ മുറിച്ചു മാറ്റുന്നതിന്റെ ഭാഗമായി സൂചന പ്രകാരം നൽകിയ വാല്വേഷൻ സ്റ്റേറ്റ്മെന്റിൽ ലേലത്തുകക്കൊപ്പം 14.5% വാറ്റ് , എഫ് ഡി ടി(5%(ലേലത്തുക+14.5%വാറ്റ്)),1% സെസ്സ് എന്നിവ ഈടാക്കുന്നതിനും ആയതിൽ എഫ് ഡി ടി നിർദ്ധിഷ്ട ശീർഷകത്തിൽ അടവാക്കി ചലാൻ തൃശ്ശൂർ സോഷ്യൽ ഫോറസ്റ്റ്റി ഡിവിഷനിലേക്ക് അയക്കുവാനും ആവശ്യപ്പെട്ടിരുന്നു. ആയത് അടവാക്കിയതിന്റെ ചലാൻ ഫയലിൽ ഇല്ല. ലേലതുകയുടെയും വാറ്റിന്റേയും 5 % എഫ് ഡി ടി ഈടാക്കേണ്ടതിന് പകരം ലേലതുകയുടെ 5 % മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | മരം | ലേലം കൊണ്ട വ്യക്തി | ലേലതുക | വാറ്റ് | ഈടാക്കേണ്ടഎഫ് ഡി ടി | ഈടാക്കിയഎഫ് ഡി ടി | കുറവ് |
|---|---|---|---|---|---|---|---|
| 1 | മുള്ളൻ കൈനി | അഷ്റഫ് | 5300 | 769 | 6069*5%- 303 | 265 | 38 |
| 2 | പ്ലാവ് | സത്യഭാമ | 15300 | 2219 | 876 | 765 | 111 |
| 3 | ഞാവൽ | പ്രഭാകരൻ | 4000 | 580 | 229 | 200 | 29 |
| 4 | പൂവ്വം | ,, | 500 | 73 | 29 | 25 | 4 |
| 5 | മാവ് വിറക് | തിലകൻ | 500 | 73 | 29 | 25 | 4 |
| 6 | തെങ്ങ് | രതീഷ് | 1600 | 232 | 92 | 80 | 12 |
| ആകെ | | | | | | | 198 |

കുറവ് വന്ന തുക ഈടാക്കി നിർദ്ദിഷ്ട ശീർഷകത്തിൽ അടവാക്കേണ്ടതാണ്. ലേലം ചെയ്യാത്ത മരങ്ങൾ (മാവ് - 2, പ്ലാവ്-1, മദിരാശി മരം - 3, മുള്ളൻ കൈനി - 1എന്നിവ) എത്രയും പെട്ടന്ന് ലേലം ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ കുളങ്ങളിലെ മത്സ്യ ലേലം നടന്നത് മുൻ വർഷത്തെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിലാണ്

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കുളം | 2015-16 | 2016-17 |
|---|---|---|---|
| 1 | കണ്ടംകുളം | 1900 | 1750 |
| 2. | കരിമ്പനകുളം | 150 | 80 |
| 3 | കലവർണ്ണക്കുളം | 3000 | 1350 |
| 4 | മൊയ്യുകുളം | 6100 | 1100 |

ആയതിനാൽ പഞ്ചായത്തിന് ലേലം ഇനത്തിൽ ലഭിക്കേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ട്. ലേലസംഖ്യയിൽ കുറവ് വരാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ - ടെണ്ടർ ഫോംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില സർക്കാർ ഉത്തരവ് (എം.എസ്) 318/2013ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ,എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽപോർക്കുളം ഗ്രാമ പഞ്ചായത്തിൽ ഒരു പ്രവൃത്തിക്കു മാത്രമെ ഇ ട ടെണ്ടർ നടന്നിട്ടുള്ളു. ആയതിന്റെ ടെണ്ടർ ഫോം വില 1300/- രൂപ എൽ.എസ്.ജി.ഡി എക്സി. എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ടി തുകയും, മുൻ വർഷങ്ങളിൽ ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിൽ തൻവർഷം ലഭിച്ച 26700/- രൂപ കഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ ആയതും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 നമ്പറിങ്ങ് ഫയൽ-ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

2016-17 വർഷത്തെ നമ്പറിങ്ങ് നടന്ന ബിൽഡിംഗുകളിൽ ക്രമവൽക്കരണം നടന്നവയിൽ താഴെ പറയുന്ന കേസുകളിൽ ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു

| വ്യക്തിയുടെ പേര്/ തറ വിസ്തീർണ്ണം | പെർമിറ്റ് ഫീസ് അടവാക്കിയ തിയ്യതി | ഈടാക്കിയ ക്രമവൽക്കരണ ഫീസ്. | ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് | വ്യത്യാസം | അഭിപ്രായം |
|---|---|---|---|---|---|
| രാധാകൃഷ്ണൻ/11.78 (വാണിജ്യം) | Rtno. 11605102953/ 5-1-17 | 120 | 177 (11.78x5x3) | 57 | |
| രജിത,തയ്യിൽ ഹൗസ്, പോർക്കുളം/38.18m$^2$ | - | ഈടാക്കി യിട്ടില്ല | 344 (38.18x3x3) | 344 | ടിയാൾ 116.71 m$^2$നാണ് പെർമിറ്റ് എടുത്തിരുന്നത് പണി പൂർത്തീകരിച്ചപ്പോൾ 154.89m$^2$ |
| മീനാക്ഷി,തോട്ടുപുറത്ത്, പോർക്കുളം/113.33m$^2$ | Rtno. 11605101966/ | 200 | 1020 (113.33x3x3) | 820 | 91.80M$^2$ നാണ് NOC എടുത്തിരുന്നത് |

| | | | | | |
|---|---|---|---|---|---|
| | 1-10-16/ B2-2324-3-6-16 | | | | |
| സത്യഭാമ,കീഴ്വീട്ടിൽ ഹൗസ്,അഗതിയൂർ /63.38$m^2$ | Rtno-11605102929/ 3-1-17 | 380 | 570 (63.38x3x3) | 190 | പെർമിറ്റ് എടുക്കാതെ കെട്ടിടം പണിതതിനാൽ |
| ബെന്നി,ചിറ്റിലപ്പിള്ളി /104.33$m^2$ | - | ഈടാക്കിയിട്ടില്ല. | 939 (104.33x3x3) | 939 | 98.32$m^2$ നാണ് NOC എടുത്തിരുന്നത് |
| ആകെ | | | | 2350 | |

കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-6 വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിൻെറ വാർഷിക കണക്ക് പ്രകാരം വസ്തുനികുതി ഇനത്തിൽ 2016-17 വർഷത്തിൽ 469580 രൂപയും കുടിശ്ശിക ഇനത്തിൽ 520235 രൂപയും അടക്കം മൊത്തം 989815 രൂപ പഞ്ചായത്തിന് ലഭിയ്ക്കാനുണ്ട്. വസ്തുനികുതി പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 2-7 വസ്തുനികുതി കണക്കാക്കിയതിൽ കുറവ്

2016-17 വർഷത്തിൽ പുതിയതായി കെട്ടിട നമ്പർ അനുവദിച്ച താഴെ പറയുന്ന വ്യക്തികളുടെ വസ്തുനികുതി കണക്കാക്കിയതിൽ കുറവ് വന്നതായി കാണുന്നു.വിശദ വിവരം താഴെ പറയുന്നു.

| വ്യക്തിയുടെ പേര്/ഉത്തരവ് നം | ഈടാക്കേണ്ടവസ്തു നികുതി | ഈടാക്കിയ വസ്തു നികുതി | വ്യത്യാസം |
|---|---|---|---|
| 1)ബാലൻ&ശാന്ത തറമ്മൽ ഹൗസ് പോർക്കുളം 50/17, 18-2-17 | ആകെ വിസ്തീർണ്ണം-19.78(വാണിജ്യം)x40=791.12- ഇളവ്-20% =158.24 ഇളവ്-10% =79.11 =553.77+ ഗ്രന്ഥശാല വരി @5%=28 സർവ്വീസ് ടാക്സ്@10%=55 ആകെ =637 | 547 | 90 |
| 2)രജിത തയ്യിൽ ഹൗസ് പോർക്കുളം B2-2466/17 | ആകെ വിസ്തീർണ്ണം=154.89$m^2$x6 =929.34 ,ഇളവ്20% = 185.86 =743.48, ഗ്രന്ഥശാല വരി=37.27 സർവ്വീസ് ടാക്സ്=74.4 ആകെ =855. | 647 | 208 |
| | ആകെ | | 298 |

നികുതി നിർണ്ണയത്തിലെ അപാകത പരിഹരിയ്ക്കേണ്ടതാണ്.

## 2-8 പെർമിറ്റ് അനുവദിയ്ക്കൽ–കെ പി ബി ആർ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

പെർമിറ്റുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കെ പി ബി ആർ വ്യവസ്ഥകൾ പാലിയ്ക്കപെട്ടിട്ടില്ലാത്ത കേസുകളിലും പെർമിറ്റ് അനുവദിച്ചതായി കാണുന്നു.ഉദാ.

ഫയൽ നം.ബി-2-1117/16, 26-4-16ൽ KPBR-പ്രകാരമുള്ള സെറ്റ്ബാക്കുകൾ ലഭ്യമല്ലാത്തതിനാൽ പെർമിറ്റിനുള്ള അപേക്ഷ നിരസിക്കുന്നതിനായി AE റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പെർമിറ്റ് അനുവദിയ്ക്കുകയാണ് ഉണ്ടായത്, ഡവലപ്മെൻറ് പെർമിറ്റ് എടുക്കാതെ ഭൂവികസനം നടന്നിട്ടുള്ളവയിൽ ഭൂവികസനം നടത്തിയവരിൽ നിന്നും പെർമിറ്റ് ഫീസ്ഈടാക്കുന്നതിനും അപ്രകാരം ചട്ടലംഘനം നടത്തിയവർക്കെതിരെ നിയമ നടപടികൾ സ്വീകരിയ്ക്കുന്നതിനും പകരം, ടി ഭൂമി വാങ്ങി അവിടെ നിർമ്മാണം നടത്തുന്നതിനായി പെർമിറ്റ് എടുക്കുവാൻ വരുന്നവരിൽ നിന്നും ഡവലപ്മെൻറ്ഫീസ് ഈടാക്കി പെർമിറ്റ് നൽകിയ തായും കാണുന്നു. ഉദാ.ഫയൽ നം.B2-1657/16.

മേൽ പ്രകാരം അനുമതി നൽകുന്നതിന് KPBR ൽ വ്യവസ്ഥയില്ല. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പച്ചക്കറിവികസനപദ്ധതി-അപാകതകൾ

പദ്ധതി: പച്ചക്കറിവികസനം

പദ്ധതി നമ്പർ:എസ്.121/17

അടങ്കൽ : 135000 രൂപ

ചെലവ് : 110000 രൂപ

ട്രഷറി ബിൽ നംപർ : 5/16-17 തീയതി: 28/3/17

മേൽ പദ്ധതിയോടനുബന്ധിച്ച് വാങ്ങിയ 2000 വെജിറ്റബിൾ സീഡ് കിറ്റുകൾ മുഴുവനും ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിലേക്ക് മാറ്റിയതായി കൃഷിഭവൻ സ്റ്റോക്ക് രജിസ്റ്റർ പേജ് 54 പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പ്രകാരം 626 പേർക്ക് മാത്രമേ നാളിതുവരെ വെജിറ്റബിൾ സീഡ് കിറ്റുകൾ വിതരണം ചെയ്തിട്ടുള്ളൂ. വിത്തുകൾ വിതരണം ചെയ്യുന്നതിനുള്ള കാലതാമസം വിത്തുകൾ ഉപയോഗശൂന്യമാവാൻ കാരണമായേക്കാം എന്നതിനാൽ ബാക്കി കിറ്റുകൾ എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പദ്ധതിയോടനുബന്ധിച്ച് ഗ്രോബാഗുകൾ വാങ്ങുന്നതിനായി 10000 രൂപയും വെജിറ്റബിൾ സീഡ് കിറ്റ് വാങ്ങുന്നതിനായി 100000 രൂപയും ചെലവ് വന്നിട്ടുണ്ട്. വെജിറ്റബിൾ സീഡ് കിറ്റ് വാങ്ങുന്നതിനായി 100000 രൂപ വി.എഫ്.പി.സി കെ. സീഡ് പ്രോസസിങ്ങ് പ്ലാന്റ് ആലത്തൂർ എന്ന സ്ഥാപനത്തിന് ഓൺലൈൻ ട്രാൻസ്ഫർ മുഖേന നൽകി. ആയതിന് കൈപ്പറ്റ് രശീതി ഫയലിൽ ഇല്ല.

## 3-2 സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രൊജക്ടുകളിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രൊജക്ടുകളുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

| ക്രമ നം | പ്രൊജക്ട് നം, പേര് | ട്രഷറി ബിൽ നം, തുക | ചെലവിന്റെ വിശദാംശങ്ങൾ | അപാകതകൾ |
|---|---|---|---|---|
| 1 | S0030/17<br>ഐ.കെ.എം വിഹിതം | 28/20.2.17<br>₹63,870/- | 2015-16വർഷത്തെ 30,658/-രൂപ ,2016-17 വർഷത്തെ 33212രൂപ വീതം | ഐ.കെ.എം ഗ്രൂപ്പ് ഡയറക്ടർക്ക് തുക കൈമാറിയതിന് കൈപ്പറ്റ് രശീതിയില്ല |
| 2 | S0042/17<br>തെരുവുനായ്ക്കളുടെ നിയന്ത്രണം | 11/30.10.16<br>₹75,000/- | ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് തുകകൈമാറി | തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗവിവരം എന്നിവ ഇല്ല |
| 3 | S0035/17<br>സാക്ഷരത | 27/20.2.17<br>₹24,000/- | 2015-16 വർഷത്തെ 6 പേർക്കും 2016-17 വർഷത്തെ 10പേർക്കും 1500 രൂപ വീതം ആകെ 24000/-, | സാക്ഷരതാമിഷൻ തുകകൈപ്പറ്റിയതിന്റെ വിവരം, പരീക്ഷാർത്ഥികളുടെയും അവർ പരീക്ഷ എഴുതിയതു സംബന്ധിച്ചതുമായ വിവരം എന്നിവ ഇല്ല |
| 4 | S0040/17<br>മരുന്നുവാങ്ങൽ | 25/20.2.17<br>₹1,00,000/- | ഹോമിയോഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങുന്നതിന് കേരളസ്റ്റേറ്റ് ഹോമിയോപതിക് കോ ഓ. ഫാർമസിക്ക് തുക നൽകി | നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല, |
| 5 | S0083/17<br>ഷീപാഡ് | 15/25.11.16<br>₹37,500<br>18/31.3.17<br>₹71,743/-<br>19/31.3.17<br>₹2321/-<br>ആകെ=<br>1,11,564 | കേരളസ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് തുക കൈമാറി. | 71,743+ 2321=74064/-രൂപയുടെ കൈപ്പറ്റ് രശീതി , പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ ഇല്ല |
| 6 | S0153/17സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 13/31.3.1.17<br>3,00,000/-<br>15/31.3.17<br>176110<br>ആകെ=<br>476110 | KSEB കാണിപ്പയ്യൂർസെക്ഷന് 94965/-<br>പഴഞ്ഞിസെക്ഷന് 105035/-<br>പെരുമ്പിലാവ് സെക്ഷന്=100000/-<br>ബിഗ്ബസാർസെക്ഷന്=176110 വീതം നൽകി | തുകളുടെ കൈപ്പറ്റ് രശീതി,കെ.എസ്.ഇ.ബി യുമായുള്ള കരാർ,തുകയുടെ വിനിയോഗവിവരം എന്നിവ ഇല്ല. |
| 7 | S0082/17<br>ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | ചെക്ക് നം<br>0791468/<br>29.3.17<br>₹30951/- | വാർഡ് 1,13 എന്നിവിടങ്ങളിലെ വൈദ്യുതപോസ്റ്റ് മാറ്റി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി പഴഞ്ഞിസെക്ഷന് നൽകിയത് | പ്രവൃത്തി പൂർത്തീകിച്ചതിന്റെ വിവരമില്ല |

മേൽപറഞ്ഞ കാരണങ്ങളാൽ ചെലവുതുക 881495/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 എസ്.എസ്.എ വിഹിതം-അധികം നൽകിയ തുകക്രമീകരിക്കേണ്ടതാണ്

പ്രൊജക്റ്റ് നം-S0020/17

നിർവ്വഹണം-സെക്രട്ടറി

ചെലവ്-ട്രഷറി ബിൽ നം-13/31.10.16, തുക=2,00,000

എസ്.എസ്.എ 24.6.17ന് നൽകിയ ധനവിനിയോഗ സാക്ഷ്യപത്രത്തോടൊപ്പമുള്ള expenditure statement പ്രകാരം പഞ്ചായത്തിൽ എസ്എസ്എ 2016-17 ൽ നടത്തിയ ആകെ ചെലവ് 291233/-രൂപയാണ്. ആയതിന്റെ 40% അതായത് 116493/-രൂപ മാത്രമേ പഞ്ചായത്ത് വഹിക്കേണ്ടതുള്ളൂ. 2016-17 വർഷത്തേക്കുള്ള എസ്റ്റിമേറ്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തെ എസ്റ്റിമേറ്റ്, യഥാർത്ഥ ചെലവ് എന്നിവ പരിശോധിച്ച്, പഞ്ചായത്തിൽ നിന്നും എസ്എസ്എ ക്ക് അനുവദിക്കപ്പെട്ട അധിക തുക തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്ത് എസ്എസ്എ ക്ക് കൈമാറുന്ന വിഹിതത്തിൽ ക്രമപ്പെടുത്തേണ്ടതാണ്.

## 3-4 അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ.

2016-17 സാമ്പത്തിക വർഷം അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ ചെലവു രേഖകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ/തുക | പ്രോജക്റ്റ് നമ്പർ/പ്രോജക്റ്റിന്റെ പേര് | അപാകതകൾ |
|---|---|---|
| 24/16-17 dt. 31-3-17<br>2,55,000 | 87/17<br>ഭവന പുനരുദ്ധാരണം | പ്രോജക്റ്റ് രജിസ്റ്ററിൽ തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ധനസഹായം അനുവദിച്ച 13 ഗുണഭോക്താക്കളിൽ 25,000/- രൂപ അനുവദിച്ച സുകുമാരൻ എന്ന ഗുണഭോക്താവിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ രജിസ്റ്ററിൽ ഫോട്ടോ പതിച്ച അക്വിറ്റൻസ് ഇല്ല. |
| 13/16-17 dt. 18-2-17<br>50,000/- | 90/17<br>എസ്.സി. വിദ്യാർത്ഥികൾക്ക് വിദേശ ജോലിക്ക് ധന സഹായം | ധനസഹായം അനുവദിച്ച ഗുണഭോക്താവിന്റെ അപേക്ഷ, അർഹത തെളിയിക്കുന്ന രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. |
| 15/16-17 dt. 18-3-17<br>2,15,000/- | ഭവന പുനരുദ്ധാരണം<br>87/17 | ധനസഹായം അനുവദിച്ച 17 ഗുണഭോക്താക്കളിൽ സുകുമാരൻ (10,000/- രൂപ), കാർത്ത്യായനി (15,000/- രൂപ) എന്നിവരുടെ |

| | | |
|---|---|---|
| | | അപേക്ഷ, അർഹത തെളിയിക്കുന്ന രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല) |

ധനസഹായത്തിനുള്ള അപേക്ഷകളിൽ പലതിലും ഗുണഭോക്താവ് ഒപ്പുവെച്ചിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, അന്വേഷണ റിപ്പോർട്ട് എന്നിവയിൽ പലതിലും പൂർണ്ണമായ രേഖപ്പെടുത്തൽ വരുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതികൾക്കായി ചെലവഴിച്ച 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 04 /16-17, തീയതി 22-8-17)

## 3-5 ഐ.എ.വൈ. ഭവന നിർമ്മാണം - ഗ്രാമ പഞ്ചായത്ത് വിഹിതം അടവാക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോ. നമ്പർ - 86/17

ബിൽ നമ്പർ - 3/16-17 തീ- 31-10-16

തു ക – 1,20,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

പോർക്കുളം ഗ്രാമ പഞ്ചായത്തിലെ 2016-17 വാർഷിക പദ്ധതിയിലെ 86/17 ഐ.എ.വൈ./പി.എം.വൈ ഭവന പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായ 1,20,000/- രൂപ 8-11-2016 ന് ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ പഞ്ചായത്തിനുണ്ടായ 1,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 05/16-17 തീയതി - 19-8-17)

## 3-6 പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ , വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഇവയുടെ ശതമാനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത്/ ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| എണ്ണം | 62 | 12 | 19.35 |
| തുക | 1,47,25,239 | 25,37,169 | 17.23 |

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 19.35% പ്രോജക്ടുകൾ നടപ്പാക്കുവാനും വകയിരുത്തിയ തുകയുടെ 17.23% തുക ചെലവഴിക്കാനും മാത്രമെ സാധിച്ചിട്ടുള്ളു. കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പ്രോജക്ടുകളുടെ ബാഹുല്യം കാരണം ഗുണമേൻമ ഉറപ്പുവരുത്താൻ പലപ്പോഴും സാധിക്കുകയുമില്ല. ഭൂരിഭാഗം പ്രോജക്ടുകളും നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാത്തതു മൂലം പദ്ധതിപ്പണം ശരിയായി വിനിയോഗിക്കാൻ സാധിക്കാതെ നഷ്ടപ്പെടുകയും ചെയ്യുന്നു. അതിനാൽ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും നിർമ്മാണപ്രവൃത്തികളിൽ ഗുണമേൻമ ഉറപ്പുവരുത്തി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുകയും കാര്യക്ഷമമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ടെണ്ടർ, ഇ-ടെണ്ടറുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതം

സ.ഉ.(പി) നം. 542/15/ധന. തീയതി 17-11-2015 പ്രകാരം 5 ലക്ഷം രൂപയും അതിനു മുകളിലുള്ള എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ ബാധകമാക്കിയിട്ടുണ്ട്. 2016-17വർഷത്തിൽ പോർക്കുളം ഗ്രാമപഞ്ചായത്തിൽ 5 ലക്ഷം രൂപ മുതൽ അടങ്കൽ നിശ്ചയിച്ച ഒരു പ്രവൃത്തി മാത്രമാണ് ഇ-ടെണ്ടർ മുഖാന്തിരം നടപ്പാക്കിയത്.

ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ/പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ കുറവ് |
|---|---|---|---|
| 1 | 65/17<br>സെഞ്ച്വറി പ്രസ്സ് റോഡ് ടാറിംഗ് | 7,30,000 | ഇ ടെണ്ടറിൽ ആരും പങ്കെടുത്തില്ല |
| 2 | 98/17<br>ചിൽഡ്രൻസ് നഗർ മെയിൻ റോഡ് റീടാറിംഗ് | 8,00,000 | 11,052 |
| 3 | 171/17<br>പോർക്കുളം ഗ്യാസ് ക്രിമറ്റോറിയം പൂർത്തീകരണ പ്രവൃത്തികൾ | 6,25,000 | ഇ ടെണ്ടറിൽ ആരും പങ്കെടുത്തില്ല. |

മേൽ പ്രവൃത്തികളിൽ സെഞ്ച്വറി പ്രസ്സ് റോഡ് ടാറിംഗ് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ പൂർത്തിയായിട്ടുള്ളത്. ഇ ടെണ്ടറും, റീ ഇ ടെണ്ടറും നടത്തിയിട്ടും കരാറുകാർ തയ്യാറാകാത്തതിനാൽ 18-1-2017 ലെ 1(8) നമ്പർ തീരുമാനപ്രകാരം പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറുള്ള അംഗീകൃത കരാറുകാരെ കണ്ടെത്തി നെഗോഷിയേഷൻ വഴി പ്രവൃത്തി ഏൽപ്പിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ വിളിച്ച് പ്രവൃത്തി നെഗോഷിയേഷൻ നടത്തി പൂർത്തീകരിച്ചു. സാമ്പത്തിക വർഷം 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള മറ്റെല്ലാ മരാമത്ത് പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ഉറപ്പിച്ചു നൽകുകയാണ് ഉണ്ടായത്. പരമാവധി പ്രവൃത്തികൾ ഇ-ടെണ്ടറുകളിലൂടെ നടപ്പാക്കുന്നതിനും ടെണ്ടറുകളിൽ കൂടുതൽ കരാറുകാരെ പങ്കെടുപ്പിച്ച് മൽസരം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്.

## 3-8 റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി അവസാനിപ്പിക്കുന്നു.

ഗ്രാമ പഞ്ചായത്ത് 2016-17 ൽ ഏറ്റെടുത്ത ചില റോഡുനിർമ്മാണ പ്രവൃത്തികൾ സോളിംഗ് വരെയുള്ള ഇനങ്ങൾ പൂർത്തീകരിച്ച് അവസാനിപ്പിച്ചതായി കാണുന്നു. സോളിംഗ് മാത്രം നടത്തി അവസാനിപ്പിച്ച റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 51/17<br>പാണംതറ റോഡ് സോളിംഗ് | 2,28,000 | 2,28,000 |
| 2 | 50/17<br>ബഥാനിയ റോഡ് സോളിംഗ് | 2,00,000 | 1,71,890 Part Bill |
| 3 | 158/17<br>ആലിങ്ങൽ റോഡ് സോളിംഗ് | 2,50,000 | 2,49,759 |

മേൽ പറഞ്ഞ പ്രവൃത്തികളിൽ ക്രമ നമ്പർ 1പ്രകാരമുള്ള പ്രവൃത്തി സി.പി.ഡബ്ല്യ.ഡി സ്പെസിഫിക്കേഷൻ / ഡി.എസ്ആർ 2014, ക്രമ നമ്പർ 2 പ്രകാരമുള്ള പ്രവൃത്തി 2012 ലെ പി.ഡബ്ല്യ.ഡി SOR, ക്രമ നമ്പർ 3 പ്രകാരമുള്ള പ്രവൃത്തി Mord സ്പെസിഫിക്കേഷൻ എന്നിങ്ങനെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ അവലംബിച്ചിട്ടുള്ളത്. തുടർ പ്രവർത്തനങ്ങൾക്കായി 2017-18 വർഷത്തിൽ മേൽ പറഞ്ഞ പ്രൊജക്ടുകൾ അംഗീകാരത്തിന് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/16-17 തീയതി 23-8-17) ലഭ്യമാക്കിയ മറുപടിയിൽ ഈ മൂന്ന് പ്രവൃത്തികൾക്കും മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾക്കായി 2017-18 വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും, സോളിംഗ് പ്രവൃത്തി മാത്രമുള്ള റോഡുകളിൽ മണ്ണ് ഇളകി മെറ്റൽ തെറിച്ച് പോകാതിരിക്കാനായി കൂടുതൽ അളവിൽ മണ്ണ് ഉപയോഗിക്കാറുണ്ട് എന്നും അറിയിച്ചു. മരാമത്ത് പ്രവൃത്തികൾ ഭാഗീകമായി ആസൂത്രണം ചെയ്യുന്നതിനു പകരം പൂർത്തീകരണത്തിന് ആവശ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-9 കിണർ പുനരുദ്ധാരണം - ഗ്രാമ പഞ്ചായത്തിന്റെ മികച്ച നിർമ്മാണ പ്രവൃത്തി - കോളനി വാസികൾക്ക് തികച്ചും പ്രയോജനപ്രദം.

പ്രോജക്ട് നമ്പർ -58/17

പ്രോജക്ടിന്റെ പേര് - പോർക്കുളം എസ്.സി. കമ്മ്യൂണിറ്റി ഹാളിന്റെ കിണർ നിർമ്മാണം

അടങ്കൽ - 2,00,000/- രൂപ.

ബിൽ നമ്പർ - 13/16-17 തീയതി - 30-03-2017,ചെലവ് - 1,80,763/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

കരാറുകാരൻ - യു.വി. സിദ്ധിക്ക്.

പോർക്കുളം ഗ്രാമ പഞ്ചായത്തിലെ 12ാം വാർഡിൽ ഉൾപ്പെടുന്ന പോർക്കുളം എസ്. സി. കോളനി ധാരാളം പട്ടിക ജാതി കുടുംബങ്ങൾ താമസിക്കുന്ന ഒരു പ്രദേശമാണ്. കോളനിവാസികളുടെ ആവശ്യങ്ങൾക്കായി പണി കഴിപ്പിച്ചിട്ടുള്ള കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് ഒരു തുറന്ന കിണർ നിലവിലുണ്ടായിരുന്നത് മുൻപ് കോൺക്രീറ്റ് സ്ലാബ് ഉപയോഗിച്ച് മാലിന്യങ്ങൾ വീഴുന്നതിൽ നിന്നും നിക്ഷേപിക്കുന്നതിൽ നിന്നും സംരക്ഷിച്ചിട്ടുള്ളതാണ്. കിണർ മൂടിയിരിക്കുന്നതു കാരണം ഉപയോഗയോഗ്യമല്ലാത്തതിനാൽ പ്രദേശത്തെ ജനങ്ങളുടെ ആവശ്യാനുസരണം കിണറിലെ വെള്ളം

ഉപയോഗിക്കുന്നതിനും, കിണർ നല്ല രീതിയിൽ സംരക്ഷിക്കുന്നതിനുമായി നിലവിലുള്ള കോൺക്രീറ്റ് സ്ലാബ് പൊട്ടിച്ച് മാറ്റുക, കിണറിനു ചുറ്റും പുതിയ ചുറ്റുമതിൽ നിർമ്മിക്കുക, കിണറിന്റെ മുകളിൽ ഇരുമ്പിന്റെ ഗ്രിൽ സ്ഥാപിക്കുക, ചുറ്റുമതിൽ പെയിന്റ് ചെയ്യുക, കിണറിലെ ചെളിയും മണ്ണും വൃത്തിയാക്കുക തുടങ്ങിയ പ്രവൃത്തികൾ പഞ്ചായത്ത് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്ത് നടപ്പിലാക്കി.

ഓഡിറ്റിന്റെ ഭാഗമായി അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി മികച്ച രീതിയിൽ പൂർത്തീകരിക്കപ്പെട്ടിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. പ്രദേശവാസികളുടെ കുടിവെള്ള ആവശ്യത്തിനായി ഈ കിണർ തികച്ചും ഉപയോഗ യോഗ്യമാണെന്നും വ്യക്തമായി. പ്രദേശവാസികളുടെ ആവശ്യാർത്ഥം അടിയന്തിര പ്രധാന്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഈ നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തി മികച്ച രീതിയിൽ ലക്ഷ്യം കൈവരിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.



## 3-10 പെയിൻ & പാലിയേറ്റീവ് കെയർ -മരുന്ന് ലഭ്യമായിട്ടില്ല.

1)പ്രോജക്ട് നം.107/17

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ(PHC)

ബിൽ നം.22/16-17, തിയ്യതി.29-3-17

ബിൽ തുക.60000

പാലിയേറ്റീവ് കെയറിനായി മേൽ നമ്പർ ചെക്ക് പ്രകാരം 60000 രൂപ KMSCL ന് കൈമാറിയിട്ടുണ്ട്.18194 രൂപയുടെ മരുന്ന് മാത്രമെ ലഭ്യമായിട്ടുള്ളൂ. ബാക്കി 41806 രൂപയ്ക്കുള്ള മരുന്ന് ലഭിയ്ക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

2)പ്രോജക്ട് നം.115/17

ബിൽ നം.14/16-17 തിയ്യതി.25-2-17

തുക.100000

പി എച്ച് സി യിലേക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനായി ചെക്ക് നം 1792766604/27-2-17പ്രകാരം100000 രൂപ KMSCL ന് നല്കിയിട്ടുണ്ട്. 42252 രൂപയ്ക്കുള്ള മരുന്നേ ലഭിച്ചിട്ടുള്ളൂ. ബാക്കി 57748 രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കേണ്ടതാണ്.

3)പ്രോജക്റ്റ് നം.115/17

ബിൽ നം.20/16-17 തിയ്യതി.10-7-17

ബിൽ തുക.34300

പി എച്ച് സി യിലേക്കുള്ള ഗ്ലൂക്കോമീറ്റർ, സ്ട്രിപ്സ് എന്നിവ വാങ്ങുന്നതിന് ചെക്ക് നം 189095438/10-3-17പ്രകാരം 34300 രൂപ KMSCL ന് നൽകിയിട്ടുണ്ട്. 30775 രൂപയ്ക്കുള്ള മരുന്ന് മാത്രമെ ലഭിച്ചിട്ടുള്ളൂ, ബാക്കി 3525 രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കേണ്ടതാണ്.

## 3-11 ഔഷധിയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് നം.131/17

നിർവ്വഹണോദ്യോഗസ്ഥൻ.മെഡിക്കൽ ഓഫീസർ (ആയുർവേദം)

ബിൽ നം.1/2016-17 തിയ്യതി 15-2-17

തുക.400000

മേൽ പ്രകാരം മരുന്ന് വാങ്ങുന്നതിനായി 400000 രൂപ ഔഷധിയ്ക്ക് നല്കിയിട്ടുണ്ട്.307881 രൂപയ്ക്കുള്ള മരുന്നേ ലഭിച്ചിട്ടുള്ളൂ. ബാക്കി തുകയായ 92119 രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കേണ്ടതാണ്.

## 3-12 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

മഴക്കാല ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വാർഡുകൾക്ക് പഞ്ചായത്ത് കിണർ വൃത്തിയാക്കിയതിന് കൂലി നൽകിയ തുക അതാത് വാർഡ് മെമ്പർമാർക്ക് അനുവദിച്ചിട്ടുണ്ട്.വിവരം താഴെ പറയുന്നു.

| ചെക്ക് നം | വാർഡ് നം | മെമ്പറുടെ പേര് | തുക |
|---|---|---|---|
| 88784/28-7-16 | 9 | K.M.നാരായണൻ | 3960 |
| 88785/28-7-16 | 7 | രഞ്ജിത്ത് | 4920 |
| 88786/28-7-16 | 6 | കവിത പ്രമോദ് | 4920 |
| 88787/28-7-16 | 1 | K.M.പ്രമോദ് | 4920 |
| 88788/28-7-16 | 13 | അംബിക മണിയൻ | 4920 |
| 88789/28-7-16 | 3 | ജിഷ ശശി | 4440 |
| “ | “ | “ | 4440 |
| 88790/28-7-16 | 11 | മധു | 4440 |
| “ | “ | “ | 4440 |
| ആകെ | | | 40920 |

ആകെ 40920 രൂപ ചെലവഴിച്ചതിന് വിനിയോഗസാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. മേൽ രേഖയുടെ അഭാവത്തിൽ ചെലവ്തുക 40920/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്ടിൻെറ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 90000+90000 (180000) | 132 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 180000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | 107-പെയിൻ &പാലിയേറ്റീവ് കെയർ | 100000 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ട്രഷറി ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | 82/17 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | 0791468/ 29.03.17 | 30951 | 30951 | - |
| ഭൂജല വകുപ്പ് | 169/2017 ഗ്യാസ് ക്രിമറ്റോറിയത്തിലേക്ക് കുഴൽ കിണർ | 3/17.3.17 0791467/ 29.3.17 | 99977+ 23= 100000 | 100000 | - |
| കെസ്ഇബി | 153/2017സ്ട്രീറ്റ് ലൈറ്റ് നീട്ടൽ | 13/31.3.17 15/31.3.17 | 300000+ 176110= 476110 | 476110 | ഇല്ല |
| കെ.എസ്.ഡി. ഡബ്ലിയു. സി | 83/17 ഷീ പാഡ് | 15/25.11.16 18/31.3.17 19/31.3.17 | 37500+ 71743+ 2321= 111564 | - | 111564 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് സംബന്ധിച്ച്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം 1000 രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3.3 | 1000 | ശ്രീമതി.വിജയലക്ഷ്മി, സെക്രട്ടറി | 11605100707/28-5-16 |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 28118905 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5045833 |
| വരവിനങ്ങളിലുള്ള നഷ്ടം | 20626 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1142415 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 8750 | ഇ.അശോക് കുമാർ, സെക്രട്ടറി |
| 2-1(4) | 150 | ഇ.അശോക് കുമാർ, സെക്രട്ടറി |
| 2-1(5) | 6930 | ഇ.അശോക് കുമാർ, സെക്രട്ടറി |
| 2-2 | 1950 | ഇ.അശോക് കുമാർ, സെക്രട്ടറി |
| 2-3 | 198 | ഇ.അശോക് കുമാർ, സെക്രട്ടറി |
| 2-5 | 2350 | ഇ.അശോക് കുമാർ, സെക്രട്ടറി |
| 2-7 | 298 | ഇ.അശോക് കുമാർ, സെക്രട്ടറി |
| ആകെ | 20626 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 881495 | ഇ.അശോക് കുമാർ,സെക്രട്ടറി |
| 3-4 | 100000 | പി. എസ് .ശശിധരൻ,അസി.സെക്രട്ടറി |
| 3-5 | 120000 | പി. എസ് .ശശിധരൻ,അസി.സെക്രട്ടറി |
| 3-12 | 40920 | ഇ.അശോക് കുമാർ,സെക്രട്ടറി |
| ആകെ | 1142415 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 2-3 | 198 | ഇ.അശോക് കുമാർ, സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇ.അശോക് കുമാർ,സെക്രട്ടറി | വിരമിച്ചു | എടവരപ്പിള്ളിഹൗസ്, പുറനാട്ടുകര പിഒ 680591 |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84 ,84-85 | | ഓഡിറ്റ് റിപ്പോർട്ട് ലഭ്യമല്ല |
| 88-89,<br>89-90 | | ഖണ്ഡികകൾ 39,17,20 നിലനിൽക്കുന്നു |
| 90-91 | | 7(ജി),7(എച്ച്),(ഐ),(ജെ),15,16 നിലനിൽക്കുന്നു |
| 92-93<br>93-94 | | ഖണ്ഡികകൾ 9(ഡി),(ഇ),1(ഐ),(ജെ) നിലനിൽക്കുന്നു |

| | | |
|---|---|---|
| 94-95 | | ഖണ്ഡികകൾ 9(ഇ),എഫ്,(ജി),(എച്ച്) നിലനിൽക്കുന്നു |
| 96-97 | എൽ.എഫ്.ടി.10-1404/01/02-02-02 | |
| 98-99 | എൽ.എഫ്.ടി.10-65/05/30-09-05 | |
| 99-00 | എൽ.എഫ്.ടി.10-66/05/30-09-05 /21-11-05 | |
| 99-00 മുതൽ 2001-02 വരെ ജനകീയാസൂത്രണം | എൽ.എഫ്.ടി.10-1080/03/08-12-2003 /25-03-04 | |
| 2000-01 | എൽ.എഫ്.ടി.10-151/06/19-06-06 | |
| 01-02 | എൽ.എഫ്.ടി.10-150/06/29-08-06 /31-10-06 | |
| 02-03 | എൽ.എഫ്.ടി.10-152/07/08-10-07 | |
| 03-04 | എൽ.എഫ്.ടി.10-121/07-11-07/08-01-08 | |
| 04-05 | എൽ.എഫ്.ടി.10-1956/08/23-06-10 | |
| 05-06 | എൽ.എഫ്.ടി.10-1957/08/23-06-10 /17-08-10 | |
| 06-07 | എൽ.എഫ്.ടി.10-568/10/17-05-11/11-10-11 | |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി(പി2)-1619/12/18-03-13/ 02-08-13 | |
| 11-12 | എൽ.എഫ്.ടി.പി.6-913/13 തി.22-11-13/01.01.14 | |
| 12-13 | എൽ.എഫ്.ടി.പി9-1442/14 തി.05-01-15/07-03-15 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി9 )1209/15/ 20.10.15/04.11.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ (പി9 ) 999/16 തി-24.06.2016 | |
| 15-16 | നംകെ.എസ്.എ.ടി.എസ്.ആർ(പി8)1279/16 തി-01.11.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(പി6)1406/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in

തീയതി: 14.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ്

കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA -TSR(P6)1406/2017

Kerala State Audit Department.

District Audit Office,

Thrissur – 680020

Ph: 0487 2331249

email: dotsr.ksad@keralagov.in

Dated: 14.09.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Porkkulam Grama Panchayat in Thrissur District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made thereunder and the guidelines issued by the Comptroller & Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial Statements of Porkkulam Grama Panchayat for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur